**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1653** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തെരുവ് നായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്നിയന്ത്രിക്കുന്നതിന് പരിഹാരം കാണുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** തെരുവ് നായ്ക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കുന്നതിന് നിലവിൽ അംഗീകരിക്കപ്പെട്ട പ്രധാന മാർഗം അനിമൽ ബർത്ത് കൺട്രോൾ പദ്ധതിയാണ് (ABC). സംസ്ഥാനത്ത് നിലവിൽ 20 എ.ബി.സി. സെന്ററുകളും, ഒരു പോർട്ടബിൾ എ.ബി.സി. സെന്ററും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9 പുതിയ എ.ബി.സി. സെന്ററുകളുടെ കൺസ്ട്രക്ഷൻ വർക്ക് പൂർത്തീകരിച്ചിട്ടുള്ളതും, 10 പുതിയ എ.ബി.സി. സെന്ററുകളുടെ കൺസ്ട്രക്ഷൻ ആരംഭിച്ചിട്ടുള്ളതുമാണ്. ഇത് കൂടാതെ ഒരു പോർട്ടബിൾ എ.ബി.സി. യൂണിറ്റ് ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നെടുമങ്ങാട് പ്രവർത്തന സജ്ജമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 21 എ.ബി.സി. സെന്ററുകൾ മുഖേനയും പുതിയ പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്കും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്ന മുറയ്ക്കും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ എബിസി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുമ്പോഴും തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കാൻ സാധിക്കുന്നതാണ്.

**(ബി)** സംസ്ഥാനത്ത് തെരുവോരങ്ങളിൽ വർദ്ധിച്ചുവരുന്ന ഭക്ഷണശാലകൾ അലക്ഷ്യമായി തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾമൂലം തെരുവ് നായ്ക്കളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവിനു കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മാലിന്യ സംസ്കരണം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിൽ ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിച്ചിട്ടുള്ളതും, നിലവിൽ പൊതു സ്ഥലങ്ങളിൽ segregation bin, bottle booth ഇവ സ്ഥാപിച്ചുവരുന്നുമുണ്ട്. സമയബന്ധിതമായി Garbage Vulnerable Points (GVP) നീക്കം ചെയ്തു വരുന്നുണ്ട്. തെരുവോര കച്ചവടം നിയന്ത്രിക്കുന്നതിന് NULM സ്ട്രീറ്റ് |വെൻഡിങ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, ഇവിടെ രൂപപ്പെടുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിനും, പുനരുപയോഗിക്കാൻ കഴിയാത്ത വസ്തുക്കളുടെ നിയന്ത്രണത്തിനുമായി ആരോഗ്യ വിഭാഗത്തിന്റെ പ്രത്യേക സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**